*ഭരണഭാഷ മാതൃഭാഷ*

നം.ക്യൂ.ഐ.പി(1)/51413/18/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം, തീയതി : 14.09.2018

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ പ്രഥമാധ്യാപകർക്കും (ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - 'Swatchhta Hi Sewa 2018'- പദ്ധതി സ്കൂളുകളിൽ നടപ്പിലാക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. 03.09.2018 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്ത്.

2. 13.09.2018 തീയതിയിലെ ശുചിത്വമിഷൻ ഡയറക്ടറുടെ കത്ത് നമ്പർ 2929/എ/2018/എസ്.എം.

'Swatchhta Hi Sewa 2018' എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് സെപ്തംബർ 15 വരെ സ്കൂളുകളിൽ നടക്കേണ്ട പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ സൂചന (1) പ്രകാരം നൽകിയിരുന്നു. അതിന്റെ തുടർച്ചയായി സെപ്തംബർ 18-ാം തീയതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി ചേർന്ന് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

വിശ്വസ്തതയോടെ,

ജിമ്മി കെ. ജോസ്
പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്)

പകർപ്പ് : ഡയറക്ടർ (കുടിവെള്ളം)
ശുചിത്വമിഷൻ, കേരള

*SR- 15.09.2018*

# പ്രതിജ്ഞ

എന്റെ നാടിനോടും, ഞാൻ ജീവിക്കുന്ന സമൂഹത്തോടും, പരിസ്ഥിതിയോടും ജീവന്റെ ഉറവിടമായ ഭൂമിയോടും അങ്ങേയറ്റം നന്ദിയും കടപ്പാടും പ്രതിബന്ധതയും ഞാൻ കാത്തുസൂക്ഷിക്കുന്നതായിരിക്കും. എന്റെ ആരോഗ്യത്തിനും, ജീവന്റെ നിലനിൽപ്പിനും ഞാൻ ഉല്പാദിപ്പിക്കുന്ന ജൈവമാലിന്യം പൊതുസ്ഥലങ്ങളിലേക്കോ, ജലസ്രോതസുകളിലേയ്ക്കോ വലിച്ചെറിയാതെ എന്റെ വീട്ടിലോ ഞാൻ പ്രവർത്തിക്കുന്ന സ്ഥാപനത്തിലോ വളമാക്കി മാറ്റുന്നതാണ്. ഗ്രീൻ പ്രോട്ടോകോൾ പാലിച്ചുകൊ ് എല്ലാത്തരം ഡിസ്പാസ്ബിൾ വസ്തുക്കളുടെയും പ്രകൃതിയെ നശിപ്പിക്കുന്ന എല്ലാത്തരം വസ്തുക്കളുടെയും ഉപയോഗം ഞാൻ പൂർണ്ണമായും ഒഴിവാക്കി മാലിന്യത്തിന്റെ അളവ് കുറച്ചും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ വസ്തുക്കളെ വലിച്ചെറിയാതെ, കത്തിക്കാതെ വൃത്തിയാക്കി പുന:ചംക്രമണത്തിന് കൈമാറുന്നതുമാണ്. ഞാൻ ഉത്പാദിപ്പിക്കുന്ന മാലിന്യം എന്റെ ഭൂമിയുടെ ഹരിതശോഭയ്ക്ക് കോട്ടം വരുത്തുവാനോ, എന്റെയും സമൂഹത്തിന്റേയും ആരോഗ്യം നശിപ്പിക്കുവാനോ, വരും തലമുറകൾക്ക് ബാധ്യതയാകുവാനോ ഇടനൽകാതെ സംസ്കരിക്കുന്നതിന് ഞാൻ തന്നെ മുൻകൈ എടുക്കുന്നതാണ്.

'എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വം'

**പ്രതിജ്ഞ പ്രതിജ്ഞ പ്രതിജ്ഞ**